എന്തുകൊണ്ടാണ് സിഎജി ഈ ഓഡിറ്റ് നടത്തിയത് ?

കേരള സംസ്ഥാനത്തെ കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമസഹായം നൽകുന്നതിനുവേണ്ടിയാണ് 1990-ൽ കേരള ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് (ബോർഡ്) രൂപീകരിച്ചത്. അപകടങ്ങളിൽ തൊഴിലാളികൾക്ക് സഹായം നൽകുക, 60 വയസ് പൂർത്തിയായവർക്ക് പെൻഷൻ നൽകുക, ഗൃഹനിർമ്മാണത്തിന് വായ്പയും മുൻകൂറുകളും നൽകുക, ഗുണഭോക്താക്കളുടെ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികളുടെ പ്രീമിയം ഒടുക്കുക, കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം നൽകുക, ഗുരുതര രോഗങ്ങളുടെ ചികിത്സയ്ക്കാവശ്യമായ ആരോഗ്യചെലവുകൾക്ക് പണം നൽകുക, വനിതാ തൊഴിലാളികൾക്ക് പ്രസവാനുകൂല്യം നൽകുക മറ്റു ക്ഷേമപ്രവർത്തനങ്ങളും, സൗകര്യങ്ങളും മെച്ചപ്പെടുത്തുക എന്നിവ ബോർഡിന്റെ ക്ഷേമ പദ്ധതികളിലുൾപ്പെടുന്നു.

'കെട്ടിട-മറ്റ് നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമം' എന്നതിന്റെ പ്രവർത്തനക്ഷമതാ ഓഡിറ്റ്, കെട്ടിട-കെട്ടിടേതര നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി സർക്കാർ/ബോർഡ് ആരംഭിച്ച പ്രവൃത്തികളുടെ കാര്യക്ഷമതയും തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി പിരിക്കുന്ന സെസ്സിന്റെ നിർണ്ണയം, ശേഖരണം, വിനിയോഗം എന്നിവയുടെ ഫലപ്രദമായ നിർവ്വഹണവും വിലയിരുത്തുക എന്ന ലക്ഷ്യത്തോടെയാണ് നടത്തിയത്. പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ കണ്ടെത്തലുകൾ വിഭാഗം I – 'തൊഴിൽ സെസ്സിന്റെ ഈടാക്കൽ', വിഭാഗം II - 'തൊഴിൽ സെസ്സിന്റെ വിനിയോഗം' എന്നീ വിഭാഗങ്ങളിലായി വേർതിരിച്ചിരിക്കുന്നു.

എന്താണ് കണ്ടെത്തിയത് ?

കെട്ടിട നിർമ്മാണ തൊഴിലാളികളെ ജോലിക്കു നിർത്തുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (എൽസിഎഎസ്) രജിസ്ട്രേഷൻ പോർട്ടലിൽ നൽകിയിട്ടില്ല. 2023 മാർച്ചിലെ കണക്കനുസരിച്ച് സംസ്ഥാനത്തുടനീളമുള്ള 10,113 സ്ഥാപനങ്ങൾ മാത്രമാണ് എൽസിഎഎസിൽ രേഖപ്പെടുത്തപ്പെട്ടത്. ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖാമൂലം സൂക്ഷിക്കുന്നതിന് ബോർഡ് ഗുണഭോക്താക്കൾക്കുള്ള അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം (എഐഐഎസ്) ഡാറ്റാബേസ് സംവിധാനം പൂർണ്ണമായും ഉപയോഗപ്പെടുത്തിയില്ല. തെരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (എൽഎസ്ജിഐ) നിർമ്മിക്കപ്പെട്ട, സെസ്സ് നിർണ്ണയത്തിന് യോഗ്യത നേടിയ 7,312 കെട്ടിടങ്ങളിൽ 4,294 എണ്ണത്തിന്റെ വിശദാംശങ്ങൾ മാത്രമേ റവന്യൂ വകുപ്പിനു കീഴിലുള്ള താലൂക്ക് ഓഫീസുകൾ ശേഖരിച്ചുള്ളൂ. ഈ 4,294 കെട്ടിടങ്ങളിൽ 679 എണ്ണത്തിന്റെ വിശദാംശങ്ങൾ മാത്രമേ എൽസിഎഎസിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. 282 കേസുകളിൽ സെസ്സ് നിർണ്ണയം നടത്താൻ ഒന്നു മുതൽ അഞ്ചുവർഷം വരെ കാലതാമസം ഉണ്ടായി.

സെസ്സ് പിരിച്ചെടുക്കുന്നതിൽ 1,319 കേസുകളിലായി നാലുവർഷം വരെ ഉണ്ടായ കാലതാമസം മൂലം ₹11.39 കോടി പലിശ ഇനത്തിൽ ഈടാക്കുന്നതിൽ തൊഴിൽ വകുപ്പ് വീഴ്ച വരുത്തുകയുണ്ടായി. ഇതിനു പുറമേ സെസ്സ് പിരിക്കാൻ അധികാരപ്പെട്ട സ്ഥാപനങ്ങൾ പിരിച്ചെടുത്ത ₹1.56 കോടി വരുന്ന സെസ്സ് തുക തെറ്റായി റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡിലേയ്ക്ക് (ആർഐഎബി) അടയ്ക്കുകയുണ്ടായി. ഇതിൽ ₹84.87 ലക്ഷം ഇനിയും ബോർഡിലേയ്ക്ക് തിരികെ കിട്ടാനുണ്ട്.

സംസ്ഥാനത്ത് തൊഴിൽ വകുപ്പ് സെസ്സ് പിരിക്കുന്നതിനായി നിർണ്ണയിച്ച 2,82,998 കെട്ടിടങ്ങളിൽ 1,26,446 (44.68 ശതമാനം) കെട്ടിടങ്ങളിൽ നിന്നു മാത്രമാണ് സെസ്സ് പിരിഞ്ഞു കിട്ടിയത്. ഇത് സെസ്സ് പിരിവിൽ ₹542.17 കോടിയുടെ (53.83 ശതമാനം) കുറവിനു കാരണമായി. തെരഞ്ഞെടുത്ത ജില്ലകളിൽ ജീവനക്കാരുടെ ശമ്പളം, തപാൽ

ചെലവുകൾ എന്നീ ഇനങ്ങളിലായി തൊഴിൽ വകുപ്പിന് ₹1.66 കോടി കൊടുക്കുക വഴി ബോർഡ് ഒരു ശതമാനം ഭരണച്ചെലവിന്റെ പരിധി മറികടക്കുകയുണ്ടായി.

ഓഡിറ്റ് പരിശോധിച്ച കേരള വാട്ടർ അതോറിറ്റിയുടെ അഞ്ച് പിഎച്ച് ഡിവിഷനുകളിൽ ₹48.52 ലക്ഷം വരുന്ന സെസ്സിനത്തിനുള്ള ചെക്കുകൾ / ഡി.ഡികൾ ബോർഡിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെട്ടിരുന്നില്ല.

സംസ്ഥാനത്ത് ബോർഡ് നടത്തിവരുന്ന ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട, ഗുണഭോക്താക്കളുടെ എണ്ണമോ, ചെലവോ നിരീക്ഷിക്കാൻ ഒരു കേന്ദ്രീകൃത ശേഖരം ഇല്ല. സംസ്ഥാന ഓഫീസിൽ ഇത്തരത്തിലൊരു കേന്ദ്രീകൃത സംവിധാനം ഇല്ലാത്തതിനാൽ ജില്ലാ ഓഫീസുകളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങളെ ആശ്രയിച്ചാണ്, ജില്ലാതല പദ്ധതികൾ നിർവ്വഹിക്കുന്നതിന് ആവശ്യമായി വരുന്ന ഫണ്ട് ബോർഡ് നിർണ്ണയിക്കുന്നത്.

പെൻഷൻ, വിവാഹധനസഹായം, ചികിത്സാ സഹായം, മാരക രോഗ ചികിത്സാ സഹായം, പ്രസവാനുകൂല്യം, മരണാനന്തര ധനസഹായം, സ്കോളർഷിപ്പുകൾ, ക്യാഷ് അവാർഡുകൾ ഉൾപ്പെടെ വിവിധ ക്ഷേമാനുകൂല്യങ്ങൾക്കായുള്ള അപേക്ഷകൾ, ഫണ്ടിന്റെ അപര്യാപ്തത മൂലം തീർപ്പാകാതെ കിടക്കുകയായിരുന്നു. ഗുണഭോക്തൃ വിവരങ്ങൾ വിശ്വാസയോഗ്യമല്ലാത്തത് കാരണം, കോവിഡ്-19 ആനുകൂല്യ വിതരണത്തിൽ ക്രമക്കേടുകൾ ഉണ്ടായതായി കണ്ടെത്തി.

നിർമ്മാണ തൊഴിലാളികൾക്കിടയിലുള്ള പരിമിതമായ അവബോധം, രജിസ്ട്രേഷനുകൾ കുറയുന്നതിന് കാരണമായി. രജിസ്ട്രേഷൻ പലപ്പോഴും ട്രേഡ് യൂണിയൻ സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കിയാണ് നടത്തിയിരുന്നത്. ഈ നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്യപ്പെടാത്തത്, അതിഥി തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാത്തതിന് കാരണമായി. കൂടാതെ അനിഷ്ടസംഭവങ്ങൾക്കും അപകടങ്ങൾക്കും ശേഷവും തൊഴിലിടങ്ങളിൽ സുരക്ഷാചട്ടങ്ങൾ നടപ്പിലാക്കുന്നതിൽ തൊഴിൽ വകുപ്പ് പരാജയപ്പെട്ടു.

തൊഴിലുടമകളിൽ നിന്ന് ഫോറം IV സ്വീകരിക്കുന്നത് നിരീക്ഷിക്കുന്നതിനോ ചട്ടങ്ങൾ അനുസരിച്ച് പിഴ ചുമത്തുന്നതിനോ ജില്ലാ ലേബർ ഓഫീസുകൾക്ക് ഒരു സംവിധാനം ഇല്ലായിരുന്നു. ബോർഡിന്റെ ക്യാഷ് ബാലൻസ് 2019 മാർച്ചിൽ ₹910.06 കോടിയിൽ നിന്ന് 2023 മാർച്ചിൽ ₹135.16 കോടിയായി കുറഞ്ഞു. ക്ഷേമ ആനുകൂല്യങ്ങളുടെ വിതരണവും 2020-21 മുതൽ കുറയുന്ന പ്രവണത കാണിച്ചു. അഞ്ച് വർഷത്തെ ഓഡിറ്റ് കാലയളവിലെ ബോർഡിന്റെ ക്യാഷ് റിസർവിലെ സ്ഥിരമായുണ്ടായിരുന്ന കുറവ്, ബോർഡിന്റെ വാർഷിക ചെലവുകൾ ക്യാഷ് റിസർവുകളിൽ നിന്ന് ഫണ്ട് ചെയ്യപ്പെട്ടതായി സൂചിപ്പിക്കുന്നു. ഇതിനാൽ റിസർവ് തുക ഗണ്യമായി ശോഷിക്കുകയും അധിക വായ്പകൾ ആവശ്യമായി വരുകയും ചെയ്തു.

ബോർഡിന്റെ കണക്കുകൾ ഓഡിറ്റിനായി അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കുന്നതിൽ 11 മുതൽ 24 മാസം വരെ കാലതാമസമുണ്ടായി. അതിഥി തൊഴിലാളികളുടെ ക്ഷേമനിധിക്കായി അനുവദിച്ച ₹10 കോടി കോർപ്പസ് ഫണ്ടിൽ നിന്നും 2018-19-നും 2022-23-നും ഇടയിൽ ₹1.69 കോടി മാത്രമാണ് തൊഴിലാളികളുടെ ക്ഷേമത്തിനായി ചെലവഴിച്ചത്. ഉപദേശക സമിതികളുടെ രൂപീകരണത്തിലും പ്രവർത്തനത്തിലും പോരായ്മകൾ ഉണ്ടായിരുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നിയമാനുസൃത സംസ്ഥാന ഉപദേശക സമിതി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ രൂപീകരിക്കാതിരിക്കുകയും മതിയായ പങ്കാളിത്തം ഇല്ലാതെ വിദഗ്ദ്ധ സമിതി ചേരുകയും ചെയ്തു. പരിശോധന നടത്തിയ ജില്ലകളിൽ, ലേബർ കമ്മീഷണർ നിർദ്ദേശിച്ച പ്രകാരം ലേബർ ഓഫീസർമാർ പ്രതിമാസ പരിശോധനകൾ നടത്തിയില്ല. പരാതി പരിഹാര സംവിധാനം വിഭാവനം ചെയ്തതു പോലെ ഫലപ്രദമായി പ്രവർത്തിച്ചില്ല.

സിഎജി ശിപാർശ ചെയ്യുന്നത്:

- *സെസ്സ് നിർണ്ണയം കൂടുതൽ കാര്യക്ഷമമാകത്തക്ക രീതിയിൽ എല്ലാ പ്രവൃത്തികളും ബോർഡിൽ രജിസ്റ്റർ ചെയ്ത് സെസ്സിന്റെ പരിധിയിൽ കൊണ്ടുവരുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം.*

  (ശിപാർശ 1)

- *ഫലപ്രദമായ ഒരു ഡാറ്റാ മൂല്യനിർണ്ണയ സംവിധാനം നടപ്പിലാക്കുന്നുണ്ടെന്നും അതുവഴി സെസ്സ് അടയ്ക്കുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ശരിയായി രേഖപ്പെടുത്തുന്നതരത്തിൽ ഡാറ്റാബേസ് സ്വയംപര്യാപ്തമാണെന്ന് സർക്കാർ ഉറപ്പാക്കണം.*

  (ശിപാർശ 2)

- *എൽഎസ്ജിഐകൾ അനുമതി നൽകിയ എല്ലാ നിർമ്മാണങ്ങളുടെയും വിശദാംശങ്ങൾ ശേഖരിച്ച് എൽസിഎഎസ് സോഫ്റ്റ്‌വെയറിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം. ഇതു വഴി, സർക്കാരിന് സെസ്സ് സംബന്ധിച്ച ശരിയായ നിർണ്ണയം നടത്താൻ കഴിയും.*

  (ശിപാർശ 3)

- *സെസ്സ് മൂല്യനിർണ്ണയങ്ങൾ കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ശക്തമായ ഒരു സംവിധാനം വികസിപ്പിച്ചെടുക്കാനും, സെസ്സ് കൃത്യമായി പിരിച്ചെടുക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകേണ്ടതാണ്.*

  (ശിപാർശ 4)

- *വരുമാനത്തിന്റെ ചോർച്ച തടയുന്നതിനും, സാധ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നും സെസ്സ് സാക്ഷാത്കരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ബോർഡിന്റെ ആന്തരിക നിയന്ത്രണസംവിധാനം ശക്തിപ്പെടുത്താൻ സർക്കാർ നിർദ്ദേശിക്കണം.*

  (ശിപാർശ 5)

- *സാമ്പത്തിക സഹായത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നത് ത്വരിതപ്പെടുത്താൻ ഗുണഭോക്താക്കൾക്കു ലഭിച്ച ആനുകൂല്യങ്ങളുടെ പൂർണ്ണമായ വിവരം, പൂർണ്ണമായ ബാങ്കിംഗ് വിശദാംശങ്ങൾ മുതലായവ അടങ്ങുന്ന ഗുണഭോക്താക്കളുടെ ഒരു ഡാറ്റാബേസ്, ബോർഡ് പരിപാലിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തണം.*

  (ശിപാർശ 6)

- *ബോർഡ് പലതലത്തിലുള്ള പരിശോധനകൾ ഉൾപ്പെടുത്തിക്കൊണ്ട് ട്രേഡ് യൂണിയനുകൾ നൽകുന്ന അംഗത്വ സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഉറപ്പാക്കുകയും അതുവഴി രജിസ്ട്രേഷൻ പ്രക്രിയയുടെ സുതാര്യത സംരക്ഷിക്കുകയും ചെയ്യുന്നുവെന്ന് സർക്കാർ ഉറപ്പാക്കണം.*

  (ശിപാർശ 7)

- *രജിസ്ട്രേഷൻ നടപടികളെക്കുറിച്ചും രജിസ്ട്രേഷൻ വഴി വിവിധ ക്ഷേമപദ്ധതികളുടെ രൂപത്തിൽ ലഭിക്കുന്ന ഗുണങ്ങളെക്കുറിച്ചും തൊഴിലാളികളെ ബോധവാന്മാരാക്കാൻ മതിയായ പ്രചരണങ്ങളും പരസ്യങ്ങളും ബോർഡ് നടത്തുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം.*

  (ശിപാർശ 8)

- ***ബോർഡിന്റെ വാർഷിക ചെലവുകൾക്കുള്ള ഫണ്ട് അതിന്റെ കരുതൽ ശേഖരത്തിൽ നിന്ന് കണ്ടെത്തുന്നതിനാൽ, കടമെടുക്കുന്നത് ഒഴിവാക്കാനായി ബോർഡ് യുദ്ധകാലാടിസ്ഥാനത്തിൽ സെസ്സ് പിരിവിന്റെ നിരക്ക് വർദ്ധിപ്പിക്കുന്നു എന്ന് സർക്കാർ ഉറപ്പാക്കണം.***

  (ശിപാർശ 9)

- ***നിയമത്തിലും ചട്ടങ്ങളിലും നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം നിർമ്മാണ പ്രവർത്തനങ്ങളിൽ ആവശ്യമായ പരിശോധനകൾ നടക്കുന്നുണ്ടെന്നും പരാതി പരിഹാര സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കുന്നുണ്ടെന്നും സർക്കാർ ഉറപ്പാക്കേണ്ടതാണ്.***

  (ശിപാർശ 10)

- ***നിർമ്മാണ സ്ഥലങ്ങളിൽ തൊഴിലാളികളുടെ സുരക്ഷയ്ക്കാണ് ഏറ്റവും കൂടുതൽ മുൻഗണന നൽകുന്നതെന്ന് സർക്കാർ ഉറപ്പാക്കണം. തൊഴിൽദാതാക്കൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തത്, സഗൗരവം നിരീക്ഷിക്കാത്ത ഉദ്യോഗസ്ഥർക്കുമേൽ ഉത്തരവാദിത്തം ചുമത്തേണ്ടതാണ്.***

  (ശിപാർശ 11)